16
സെപ്റ്റംബർ 2021
വ്യാഴം
1197 ചിങ്ങം 31 1443 സഫർ 8

കാരവൽ

THE FIRST DAILY IN KERALA WITH TWO LANGUAGE EDITIONS ESTABLISHED-1976

RNI Reg:No:70844/99 ■ KARAVAL DAILY PUBLISHED FROM KASARAGOD ■ കാസർകോട്•പുസ്തകം 28 •ലക്കം 187 •പേജ് 4 •വില: 5 രൂപ

30 years of Excellence
advent
MARBLES & SANITARY WARE
E-mail: adventmarbles@gmail.com www.adventmarbles.in
N.H. ROAD, THALIPADUPPU, KASARAGOD. Ph: 04994-221633

സഫഫാത്തിമയുടെ മരണം

മുങ്ങിയ അധ്യാപകനെ കണ്ടെത്താനായില്ല; കീഴടങ്ങിയേക്കുമെന്ന് സൂചന

മേൽപ്പറമ്പ്: എട്ടാം ക്ലാസ് വിദ്യാർത്ഥിനി ആത്മഹത്യ ചെയ്ത കേസിൽ ഒളിവിൽ പോയ അധ്യാപകനെ കണ്ടെത്താനായില്ല. ആദൂർ സ്വദേശിയും ദേളിയിലെ സ്വകാര്യ സ്കൂളിലെ അധ്യാപകനുമായ ഉസ്മാ(26)നെയാണ് പൊലീസ് തെരയുന്നത്. ഒരാഴ്ച മുമ്പാണ് ഉസ്മാൻ ജോലി ചെയ്യുന്ന സ്കൂളിലെ എട്ടാം തരം വിദ്യാർത്ഥിനിയായ കളനാട് വില്ലേജ് ഓഫീസിനു സമീപത്തെ സഫ ഫാത്തിമ വീട്ടിലെ കുളിമുറിയിൽ ജീവനൊടുക്കിയത്. അധ്യാപകനായ ഉസ്മാനും പെൺകുട്ടിയും തമ്മിൽ നടത്തിയ ചാറ്റ് വിവരം വീട്ടിലും സ്കൂൾ അധികൃതരും അറിഞ്ഞതിലുള്ള മനോവിഷമമാണ് പെൺകുട്ടിയെ ജീവനൊടുക്കാൻ പ്രേരിപ്പിച്ചതെന്നാണ് പൊലീസിന്റെ നിഗമനം. ഇക്കാര്യം പെൺകുട്ടിയുടെ പിതാവ് പൊലീസിൽ നൽകിയ മൊഴിയിലും വ്യക്തമാക്കിയിട്ടുണ്ട്.പെൺകുട്ടി മരണപ്പെട്ട വിവരം അറിഞ്ഞ ഉടൻ അധ്യാപകനായ ഉസ്മാൻ നാടു വിട്ടിരുന്നു. കർണ്ണാടകയിലേയ്ക്ക് മുങ്ങിയ ഇയാളെ തേടി പൊലീസ് സംഘം വിവിധ സ്ഥലങ്ങളിൽ പരിശോധന നടത്തിയെങ്കിലും കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. ഇയാളുടെ മൊബൈൽ ഫോൺ സ്വിച്ച് ഓഫ് ചെയ്ത നിലയിലാണ്. അതേ സമയം ഒളിവിൽ പോയതിനു ശേഷം ഉസ്മാൻ അയച്ച ശബ്ദ സന്ദേശങ്ങൾ സുഹൃത്തിന്റെ ഫോണിൽ നിന്നാണെന്ന കണക്കുകൂട്ടലിലാണ് ബേക്കൽ ഡിവൈ എസ് പി സി കെ സുനിൽ കുമാറിന്റെ നേതൃത്വത്തിലുള്ള അന്വേഷണ സംഘം.

സഫ ഫാത്തിമ

അതേസമയം ഉസ്മാന്റെ അറസ്റ്റിനായി പൊലീസിനു മേൽ സമ്മർദ്ദം ശക്തമായിട്ടുണ്ട്. പ്രതിയെ അറസ്റ്റു ചെയ്യണമെന്ന് ആവശ്യപ്പെട്ട് വിവിധ സംഘടനകൾ രംഗത്തു വന്നതോടെയാണിത്.പോക്സോ കേസിൽ പ്രതിയായി ഒളിവിൽ പോയ ഉസ്മാൻ കീഴടങ്ങിയേക്കുമെന്ന സൂചനയും പൊലീസിനു ലഭിച്ചിട്ടുണ്ട്.

ഏതെങ്കിലും കോടതിയിൽ കീഴടങ്ങിയേക്കുമെന്ന സൂചനയാണ് പൊലീസിനു ലഭിച്ചത്.

മാലിന്യങ്ങളെ ഇനിയും പുറന്തള്ളും: കെ സുധാകരൻ

തിരു: പാർട്ടിക്കകത്തെ മാലിന്യങ്ങളെ ഇനിയും പുറന്തള്ളുമെന്ന് കെ പി സി സി പ്രസിഡന്റ് കെ സുധാകരൻ പറഞ്ഞു. കെ പി സി സി സെക്രട്ടറി ജി രതികുമാർ പാർട്ടിയിൽ നിന്നു രാജിവച്ച് സി പി എമ്മിൽ ചേർന്നതിനോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

ഇപ്പോൾ പോയവർക്കൊപ്പം എത്രപ്രവർത്തകർ പോയിട്ടുണ്ടെന്നു പരിശോധിക്കണം. പുറന്തള്ളുന്ന മാലിന്യങ്ങളെയൊക്കെ സ്വീകരിക്കുന്ന ഇടമായി സി പി എം രാഷ്ട്രീയം മാറിയെന്നും അദ്ദേഹം പരിഹസിച്ചു.

സ്കൂട്ടറിൽ കടത്തിയ മയക്കുമരുന്നുമായി യുവാവ് അറസ്റ്റിൽ

കാസർകോട്: സ്കൂട്ടർ യാത്രക്കാരനെ മയക്കുമരുന്നുമായി അറസ്റ്റ് ചെയ്തു. മധൂർ, ഹിദായത്ത് നഗർ, ചെട്ടുംകുഴി ഹൗസിലെ അബ്ദുൾ റഹ്മാ(34)നെയാണ് ഡിവൈ എസ് പി ബാലകൃഷ്ണൻ നായരുടെ നേതൃത്വത്തിലുള്ള സ്ക്വാഡ് അറസ്റ്റ് ചെയ്തത്. എസ് ഐ ഷേഖ് അബ്ദുൾ റസാഖ് സ്ക്വാഡംഗങ്ങളായ എസ് ഐ നാരായണൻ നായർ, എ എസ് ഐ ലക്ഷ്മി നാരായണൻ, നിധിൻ സാരംഗ്, രഞ്ജീഷ്, പൊലീസുകാരായ ശരത്ചന്ദ്രൻ, അമൽ ചന്ദ്രൻ, ഡ്രൈവർ വർഗ്ഗീസ് സജി എന്നിവരും സംഘത്തിൽ ഉണ്ടായിരുന്നു. ഇന്നലെ വൈകുന്നേരം ചെട്ടുംകുഴിയിൽ വാഹന പരിശോധന നടത്തുകയായിരുന്നു എസ് ഐയുടെ നേതൃത്വത്തിൽ പൊലീസ് സംഘം. ഇതിനിടയിൽ സ്കൂട്ടറിൽ എത്തിയ അബ്ദുൾ റഹ്മാനെ തടഞ്ഞു നിർത്തി പരിശോധിച്ചപ്പോഴാണ് 2.31 ഗ്രാം എം ഡി എം എയും 34.15 ഗ്രാം ചരസും വസ്ത്രത്തിന് അകത്ത് ഒളിപ്പിച്ചുവെച്ച നിലയിൽ കണ്ടെത്തിയതെന്ന് പൊലീസ് പറഞ്ഞു. ഇയാൾക്കെതിരെ സമാനമായ മറ്റു കേസുകൾ ഉണ്ടോയെന്ന് പരിശോധിച്ചു വരികയാണെന്ന് പൊലീസ് അറിയിച്ചു.

അബ്ദുൾ റഹ്മാൻ

പിടികൂടിയ ചരസ്

ഹൃദയാഘാതം; നാട്ടിലെത്തിയ പ്രവാസി മരിച്ചു

ഉദുമ: അവധിക്ക് നാട്ടിലെത്തിയ പ്രവാസി ഹൃദയാഘാതത്തെ തുടർന്ന് മരിച്ചു. എരോൽ സ്വദേശിയും കാഞ്ഞങ്ങാട് മുട്ടുന്തലയിൽ താമസക്കാരനുമായ വൈയൂസുഫാണ് (63)മരിച്ചത്. ഷാർജയിൽ കസ്റ്റംസ് വിഭാഗത്തിൽ ജോലി ചെയ്തിരുന്ന യൂസുഫ് അഞ്ച്മാസം മുമ്പാണ് നാട്ടിലെത്തിയത്. തിരികെ പോകാനുള്ള തയ്യാറെടുപ്പിലായിരുന്നു. മൂന്ന് പതിറ്റാണ്ടിലേറെയായി ഷാർജയിലായിരുന്നു. കെസെഫ് ഉൾപ്പെടെയുള്ള പ്രവാസി സംഘടനകളുടെ സജീവ പ്രവർത്തകനായിരുന്നു. പരേതരായ ആമു-സുലൈഖ ദമ്പതികളുടെ മകനാണ്. ഭാര്യ: ബീവി മക്കൾ: നസീബ്, നസീറ, നബീല, നജീബ്. സഹോദരങ്ങൾ: അബ്ദുല്ല, പരേതരായ നൂറുദ്ദീൻ, ബീഫാത്തിമ.

വീടിനു നേരെ കല്ലേറ്; യുവാവിന് എതിരെ കേസ്

മഞ്ചേശ്വരം: വീടിനു നേരെ കല്ലെറിഞ്ഞ് ജനൽ ചില്ലു തകർത്തുവെന്ന പരാതിയിൽ യുവാവിനെതിരെ പൊലീസ് കേസെടുത്തു. സുങ്കതക്കട്ട കുരുഡപ്പദവ്, ദേരയിലെ ബീഫാത്തിമയുടെ പരാതി പ്രകാരം സുങ്കതക്കട്ട തിമിരിയടുക്കത്തെ അബ്ദുൽ റഹ്മാ(25)നെതിരെയാണ് മഞ്ചേശ്വരം പൊലീസ് കേസെടുത്തത്. മിനിയാന്ന് ഉച്ചയ്ക്കാണ് കേസിനാസ്പദമായ സംഭവം.വീടിനു കല്ലെറിഞ്ഞുവെന്ന് ആരോപിച്ച് അബ്ദുൽ റഹ്മാനെ വീട്ടിൽ നിന്നു തട്ടിക്കൊണ്ടു പോയി മർദ്ദിച്ചുവെന്ന കേസിലെ പ്രതിയായ ബഷീറിന്റെ മാതാവാണ് കേസിലെ പരാതിക്കാരി.

60 പാക്കറ്റ് പാൻമസാലയുമായി അറസ്റ്റിൽ

കുമ്പള: 60 പാക്കറ്റ് പാൻമസാലയുമായി യുവാവ് അറസ്റ്റിൽ. ബംബ്രാണ, ചുക്കിനടുക്കയിലെ മൊയ്തീൻ കുട്ടി (45)യെ ആണ് എസ് ഐ അനീഷ് അറസ്റ്റു ചെയ്തത്.

മഞ്ചേശ്വരം കോഴക്കേസ്

കെ സുരേന്ദ്രനെ ക്രൈംബ്രാഞ്ച് ചോദ്യം ചെയ്തു

കാസർകോട്: മഞ്ചേശ്വരം നിയമസഭാ തെരഞ്ഞെടുപ്പുമായി കോഴക്കേസിൽ പ്രതിചേർക്കപ്പെട്ട ബി ജെ പി സംസ്ഥാന പ്രസിഡന്റ് കെ സുരേന്ദ്രനെ ജില്ലാ ക്രൈംബ്രാഞ്ച് ചോദ്യം ചെയ്തു. ഇന്നുച്ചയ്ക്ക് 11 മണിയോടെയാണ് കെ സുരേന്ദ്രൻ കാസർകോട് ഗവ ഗസ്റ്റ് ഹൗസിൽ എത്തിയത്. ജില്ലാ ക്രൈംബ്രാഞ്ച് ഡിവൈഎസ് പി എ സതീഷ് കുമാറിന്റെ നേതൃത്വത്തിലാണ് ചോദ്യം ചെയ്യൽ ആരംഭിച്ചത്.മഞ്ചേശ്വരം മണ്ഡലത്തിലെ സ്ഥാനാർത്ഥിത്വത്തിൽ നിന്ന് പിന്മാറാൻ ബി എസ് പി സ്ഥാനാർത്ഥി കെ സുന്ദരയ്ക്ക് രണ്ടരലക്ഷം രൂപയും മൊബൈൽ ഫോണും നൽകി. തെരഞ്ഞെടുപ്പു ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചുവെന്നാണ് സുരേന്ദ്രനെതിരെ രജിസ്റ്റർ ചെയ്ത കേസ്. സി പി എം സ്ഥാനാർത്ഥിയായി മത്സരിച്ച സി പി എം ജില്ലാ കമ്മറ്റി അംഗം വി വി രമേശൻ നൽകിയ പരാതിയിൽ കോടതി നിർദ്ദേശ പ്രകാരം ബദിയഡുക്ക പൊലീസാണ് കേസ് രജിസ്റ്റർ ചെയ്തത്. പിന്നീടാണ് കേസ് ജില്ലാ ക്രൈംബ്രാഞ്ചിനു കൈമാറിയത് . അന്വേഷണത്തിന്റെ ഭാഗമായി പത്രിക പിൻവലിച്ച കെ.സുന്ദര, മാതാവ് ബേട്ജി, എന്നിവരുടെ മൊഴി രേഖപ്പെടുത്തിയിരുന്നു. അന്വേഷണത്തിന്റെ ഭാഗമായി ബി ജെ പി മണ്ഡലം പ്രസിഡന്റ്, തെരഞ്ഞെടുപ്പു ഏജന്റുമാർ, യുവമോർച്ചാ ട്രഷറർ ആയിരുന്ന സുനിൽ നായ് ക്ക് എന്നിവരെ ക്രൈംബ്രാഞ്ച് നേരത്തെ ചോദ്യം ചെയ്തിരുന്നു.

ചോദ്യം ചെയ്യലിനു ഹാജരാകാനായികെ സുരേന്ദ്രൻ കാസർകോട് ഗസ്റ്റ് ഹൗസിൽ എത്തിയപ്പോൾ

ബൈക്കപകടത്തിൽ പരിക്കേറ്റ യുവാവ് മരിച്ചു

കുമ്പള:ബൈക്ക് അപകടത്തിൽ ഗുരുതരമായി പരിക്കേറ്റ് മംഗ്ളൂരുവിലെ ആശുപത്രിയിൽ ചികിത്സയിലായിരുന്ന യുവാവ് മരിച്ചു. മംഗൽപ്പാടി, ചെറുഗോളി കൃഷ്ണ നഗറിലെ രവീന്ദ്രന്റെ മകൻ സച്ചിൻ (26)ആണ് ഇന്നലെ രാത്രി മരിച്ചത്. ഇക്കഴിഞ്ഞ ശനിയാഴ്ച്ച കുമ്പള- സീതാംഗോളി റോഡിൽ നായ്ക്കാപ്പിലാണ് അപകടം. കുമ്പളയിലെ ഒരു സ്വകാര്യ ധനകാര്യ സ്ഥാപനത്തിലെ ജീവനക്കാരനാണ്. ഇതേ സ്ഥാപനത്തിലെ ജീവനക്കാരനായ ഒരാളുടെ വീട്ടിൽ നടന്ന പരിപാടിയിൽ പങ്കെടുത്ത് ബൈക്കിൽ നാട്ടിലേയ്ക്ക് മടങ്ങുന്നതിനിടയിലാണ് അപകടം. സുഹൃത്തുക്കളാണ് സച്ചിനെ ആശുപത്രിയിൽ എത്തിച്ചത്. അപകടത്തിൽ കുമ്പള പൊലീസ് കേസെടുത്തു. ശാരദയാണ് മാതാവ്. ജയലക്ഷ്മി ഏക സഹോദരി.

സച്ചിൻ

യുവതിയെ കാണാതായി

മേൽപറമ്പ്: മാങ്ങാട്, ആര്യനടുക്കം കോളനിയിലെ പ്രജീഷ (18)യെ ഇന്നലെ രാവിലെ മുതൽ വീട്ടിൽ നിന്നു കാണാതായതെന്നു ബന്ധുക്കൾ മേൽപറമ്പ് പൊലീസിൽ നൽകിയ പരാതിയിൽ പറഞ്ഞു. നേരത്തെ സാമൂഹ്യമാധ്യമം വഴി പരിചയപ്പെട്ട പാലക്കാട് സ്വദേശിക്കൊപ്പം പോയതായി സംശയിക്കുന്നു. മേൽപറമ്പ് പൊലീസ് കേസെടുത്ത് അന്വേഷണം തുടങ്ങി.

അനിതയുടെ ആത്മഹത്യ; കണ്ണൻ നമ്പൂതിരി എവിടെ?

മുള്ളേരിയ: നാരമ്പാടി, കല്ലം കൂഡ്ലുവിലെ ഷെഡ്ഡിനകത്തു തൂങ്ങി മരിച്ച നിലയിൽ കാണപ്പെട്ട അനിത (45)യുടെ ഭർത്താവായ കണ്ണൻ നമ്പൂതിരി എവിടെ? സംഭവത്തിനു രണ്ടാഴ്ച കഴിഞ്ഞിട്ടും ഇയാളെ കണ്ടെത്താനാകാതെ പൊലീസ് ഇരുട്ടിൽ തപ്പുന്നു.

ഈ മാസം രണ്ടിനാണ് അനിതയെ വീടിനോട് ചേർന്നുള്ള ഷെഡ്ഡിനകത്ത് തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തിയത്. മകനാണ് അമ്മയെ തൂങ്ങി മരിച്ച നിലയിൽ കാണപ്പെട്ട വിവരം അയൽക്കാരെ അറിയിച്ചത്. പൊലീസെത്തി നടത്തിയ അന്വേഷണത്തിൽ അനിത ആത്മഹത്യ ചെയ്തതാണെന്നു കണ്ടെത്തിയിരുന്നു. എന്നാൽ എന്തിനാണ് ആത്മഹത്യയെന്ന കാര്യത്തിൽ ഇതുവരെ വ്യക്തത ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. അതേ സമയം അനിതയെ തൂങ്ങി മരിച്ച നിലയിൽ കാണപ്പെട്ടതിന്റെ തലേനാൾ വീട്ടിൽ നിന്നു പോയ ഭർത്താവും മന്ത്രവാദിയുമായ കണ്ണൻ നമ്പൂതിരിയെ ഇനിയും കണ്ടെത്താനായിട്ടില്ല. തലേനാൾ രാത്രി ഇയാൾ അനിതയ്ക്ക് ഫോൺ ചെയ്തിരുന്നുവെന്നും അതിനുശേഷമാണ് ആത്മഹത്യയെന്നു സംശയിക്കുന്നതായും പൊലീസ് സൂചിപ്പിച്ചു. എന്നാൽ കണ്ണൻ നമ്പൂതിരിയെ കണ്ടെത്തിയാൽ മാത്രമേ ഇക്കാര്യത്തിൽ വ്യക്തത ഉണ്ടാവുകയുള്ളൂ.

ഇയാൾ തമിഴ്നാട്ടിലെ പൊള്ളാച്ചിയിൽ ഉണ്ടെന്നു സൂചന ലഭിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ സ്ഥിരീകരണം ഉണ്ടാക്കാൻ പോലും പൊലീസിനു കഴിഞ്ഞിട്ടില്ല.

സി എച്ച് മുഹമ്മദ് കോയ അക്കാദമി ഫോർ പൊളിറ്റിക്കൽ സ്റ്റഡീസ് ആന്റ് എംപ്ലോയ്മെന്റ് ഡസ്ക്ക് മുസ്ലീം ലീഗ് നേതാവ് കെ പി എ മജീദ് ഉദ്ഘാടനം ചെയ്യുന്നു

കയ്യാറിൽ കല്ലുകെട്ടു മേസ്ത്രി ബന്ധുവീട്ടിൽ മരിച്ച നിലയിൽ

ഉപ്പള: കല്ലുകെട്ടു മേസ്ത്രിയെ ബന്ധുവീട്ടിൽ മരിച്ച നിലയിൽ കണ്ടെത്തി. ഹൃദയാഘാതമാണ് മരണകാരണമെന്നു സംശയിക്കുന്നു. ഇക്കാര്യത്തിൽ വ്യക്തത വരുത്തുന്നതിനായി മൃതദേഹം പോസ്റ്റുമോർട്ടത്തിനായി ജനറൽ ആശുപത്രി മോർച്ചറിയിലേയ്ക്ക് മാറ്റി.

കയ്യാർ, മീപ്പിരി, സജങ്കുരിയിലെ ഡൊമിനിക്ക് ഡിസൂസ എന്ന സ്റ്റേനി(55) യാണ് മരിച്ചത്. മിനിയാന്ന് മീപ്പിരിയിലെ ബന്ധുവീട്ടിലേയ്ക്ക് പോകുന്നുവെന്നു പറഞ്ഞാണ് വീട്ടിൽ നിന്നു പോയത്. അതിനുശേഷം തിരികെ വീട്ടിൽ എത്തിയിരുന്നില്ലെന്നു ഭാര്യ അനിത ഡിസൂസ പൊലീസിനോട് പറഞ്ഞു.ഇന്നലെ ഉച്ചയോടെ ഭർത്താവ് ബന്ധുവീട്ടിൽ അസ്വസ്ഥത പ്രകടിപ്പിച്ച് കിടക്കുന്നതായി ആരോ അനിതയെ അറിയിക്കുകയായിരുന്നുവെന്നു പറയുന്നു. തുടർന്ന് ബന്ധുക്കളെയും കൂട്ടി എത്തിയപ്പോഴേയ്ക്കും ഡൊമിനിക് ഡിസൂസ മരിച്ചിരുന്നു. വിവരമറിഞ്ഞ് എത്തിയ കുമ്പള പൊലീസ് മൃതദേഹം ഇൻക്വസ്റ്റ് നടത്തിയ ശേഷം മോർച്ചറിയിലേയ്ക്കു മാറ്റി.മക്കൾ: അനിൽ ഡിസൂസ, സുനിൽ ഡിസൂസ. ജസീല. മരുമക്കൾ: ജോവിൻ, പ്രവീണ. സഹോദരങ്ങൾ: അൽഫോൺസ, ഫ്രാൻസിസ്, വിൻസെന്റ്, പ്രവീണ, രോഷൻ, ലതേഷ്, ലനിത.

ഡൊമിനിക്ക് ഡിസൂസ

ബലാത്സംഗം ചെയ്ത് കൊല; പ്രതി മരിച്ച നിലയിൽ

ഹൈദരാബാദ്: ആറു വയസുകാരിയെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ കേസിലെ പ്രതിയുടെ മൃതദേഹം റെയിൽവെ ട്രാക്കിൽ പല്ലക്കൊണ്ട രാജുവിന്റെ മൃതദേഹമാണ് നിഷ്ക്കലിൽ റെയിൽവെ ട്രാക്കിൽ കാണപ്പെട്ടത്. ആത്മഹത്യ ചെയ്തതാണെന്നു സംശയിക്കുന്നു.

വിവരമറിഞ്ഞ് പൊലീസെത്തി അന്വേഷണം തുടങ്ങി. ആന്ധ്രാപ്രദേശിൽ ഏറെ കോളിളക്കം സൃഷ്ടിച്ച കേസാണ് ആറുവയസുകാരിയുടെ കൊലപാതകം.

ചീട്ടുകളി: രണ്ട് പേർ അറസ്റ്റിൽ

നീലേശ്വരം: മടിക്കൈ മൂന്നിന് സമീപത്തെ കെട്ടിടത്തിൽ പണം വെച്ച് ചീട്ടുകളിക്കുകയായിരുന്ന അഞ്ചു പേരെ നീലേശ്വരം പൊലീസ് അറസ്റ്റ് ചെയ്തു. മടിക്കൈ യിലെ എം കെ കുഞ്ഞികൃഷ്ണൻ (46), മലപ്പച്ചേരിയിലെ എ വി രവി (55), കരുണാകരൻ (59), മൂന്ന് റോഡിലെ അപ്പുക്കുട്ടൻ (59), കരിയളത്തെ കണ്ണൻ (60) എന്നിവരെയാണ് നീലേശ്വരം എസ് ഐ ടി വി പ്രേമനും സംഘവും അറസ്റ്റ് ചെയ്തത്.

വ്യാജദിർഹകേസ്; ബംഗ്ലാദേശ് സ്വദേശിയെയും കൂട്ടാളിയെയും 'റോ' ചോദ്യം ചെയ്തു

കാഞ്ഞങ്ങാട്: വ്യാജ ദിർഹ കേസിൽ ചന്തേരയിൽ അറസ്റ്റിലായ ബംഗ്ലാദേശ് പൗരനെയും കൂട്ടാളിയെയും ദേശീയ രഹസ്യാന്വേഷണ ഏജൻസികൾ ചോദ്യം ചെയ്തു. ചന്തേര പൊലീസിന്റെ കസ്റ്റഡിയിലുള്ള പ്രതികളെ റോ, ഐ ബി ഉദ്യോഗസ്ഥരാണ് ചോദ്യം ചെയ്തത്. ബംഗ്ലാദേശിൽ നിന്നു ഇന്ത്യയിൽ എത്തിയതു മുതൽ ഝാർഖണ്ഡിൽ നിന്നു ആധാർ കാർഡ് സ്വന്തമാക്കിയതും കേരളത്തിൽ നടത്തിയ സാമ്പത്തിക തട്ടിപ്പുകളെ കുറിച്ചും സംഘം വിശദമായി ചോദ്യം ചെയ്തു. ഓട്ടോ ഡ്രൈവർ അബ്ദുൾ ഹനീഫയ്ക്ക് ഏഴു ലക്ഷം രൂപയുടെ ദിർഹമാണെന്നു തെറ്റിദ്ധരിപ്പിച്ച് അഞ്ചു ലക്ഷം രൂപ തട്ടിയെടുത്ത കേസിൽ ചന്തേര പൊലീസാണ് പ്രതികളെ അറസ്റ്റു ചെയ്തത്.

ഫാറൂഖ് ഷേഖ്

ചോദ്യം ചെയ്യലിലാണ് ബംഗ്ലാദേശ് പാസ്പോർട്ട് കേസിൽ കണ്ണൂർ പൊലീസ് തെരയുന്ന പ്രതിയാണ് ഫാറൂഫ് ഷേഖെന്ന കാര്യം പൊലീസിനു വ്യക്തമായത്.റിമാന്റിലായിരുന്ന പ്രതികളെ ഈ മാസം 18 വരെ ഹൊസ്ദുർഗ്ഗ് ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയാണ് ചന്തേര പൊലീസിന്റെ കസ്റ്റഡിയിൽ വിട്ടത്.

ജുവൽ അലി

ചോദ്യം ചെയ്യലിൽ വിദ്യാനഗറിൽ ഏഴു ലക്ഷം രൂപയും വയനാട്ടെ കമ്പളക്കാട്ടും കോഴിക്കോട്ടെ പയ്യോളിയിലും ഏഴു ലക്ഷം രൂപ വീതവുമുള്ള തട്ടിപ്പ് നടത്തിയതായി വ്യക്തമായിട്ടുണ്ട്. തട്ടിപ്പുമായി ബന്ധപ്പെട്ട് ഈ മൂന്നു സ്റ്റേഷനുകളിലും പൊലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ഫാറൂഖ് ഷേഖ് തലവനായുള്ള സംഘത്തിൽ കൂടുതൽ പേർ ഉണ്ടെന്നാണ് പൊലീസിന്റെ സംശയം. സംഘം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി ഒരു കോടിയിലധികം രൂപയുടെ തട്ടിപ്പ് സമാന രീതിയിൽ നടത്തിയിട്ടുണ്ടെന്നാണ് പൊലീസിന്റെ സംശയം.

സംഘം പയ്യന്നൂർ പെരുമ്പ- കോറോം റോഡിലെ വാടക കെട്ടിടത്തിലാണ് താമസിച്ചിരുന്നത്. ഇവിടെ പൊലീസ് നടത്തിയ പരിശോധനയിൽ വ്യാജ ദിർഹം, വ്യാജ ആധാർ കാർഡുകൾ, പാൻ കാർഡുകൾ, തട്ടിപ്പിനായി ഉപയോഗിച്ചിരുന്ന നോട്ടുകെട്ടുകൾക്ക് സമാനമായ കടലാസുകൾ എന്നിവ കണ്ടെടുത്തു.

അന്തുക്ക